# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -2934** — 20.03.2015- ൽ മറുപടിക്ക്

## ലാന്റ് അക്വിസിഷൻ

**ചോദ്യം**

**ശ്രീമതി.കെ.കെ.ലതിക**

(എ) 2014-ൽ ലാന്റ് അക്വസിഷൻ നടപടികളിലൂടെ പൊതുമരാമത്ത് വകുപ്പിന്റെ ഏതൊക്കെ പദ്ധതികൾക്ക് ഭൂമി അക്വയർ ചെയ്തുവെന്ന് വ്യക്തമാക്കുമോ ;

**മറുപടി**

**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

(എ) **നിരത്തുകളും പാലങ്ങളും വിഭാഗം**

2014-ൽ ലാന്റ് അക്വസിഷൻ നടപടികളിലൂടെ തൃശ്ശൂർ മോഡൽ റോഡിന്റെ മൂന്നാംഘട്ട പ്രവൃത്തിക്കും, കൊല്ലം മുളക്കട - വാടി റോഡിന്റെ രണ്ടാംഘട്ട പ്രവൃത്തിക്കും എറണാകുളം കളമശ്ശേരിയിൽ തടിക്കക്കടവ് പാലത്തിനും നിരിക്കോട് പാലത്തിനും മൂവാറ്റുപുഴയിൽ കാക്കനാട് മുതൽ തങ്കളം വരെ കി.മി. 26/057 മുതൽ 27/199 വരെയുള്ള പ്രവൃത്തിക്ക് തങ്കളം ജംഗ്ഷൻ മുതൽ കോഴിപ്പിള്ളി വരെ പുതിയ ബൈപ്പാസ് നിർമ്മിക്കുന്ന പ്രവൃത്തിക്കും മൂവാറ്റുപുഴ ടൗൺ ബൈപ്പാസ് നിർമ്മാണം - എം.സി. റോഡിലെ 130 ജംഗ്ഷൻ മുതൽ എൻ.എച്ച്-49 -ലെ കടാതി ഭാഗം വരെയുള്ള പ്രവൃത്തിക്കും ഭൂമി അക്വയർ ചെയ്തു.

**ദേശീയപാതാ വിഭാഗം**

കേശവദാസപുരം മുസ്ലീം പള്ളി മുതൽ ചൈതന്യ കണ്ണാശുപത്രി വരെയുള്ള ഭാഗം നവീകരിക്കുന്നതിനും വീതി കൂട്ടുന്നതിനുമായുള്ള പദ്ധതിക്ക വേണ്ടി 2012-ൽ ആരംഭിച്ച പൊന്നുംവില നടപടിയിൽ ഉൾപ്പെടുന്ന വസ്തുക്കൾ 2014 ജനവരി മാസത്തിൽ ഏറ്റെടുത്തിട്ടുണ്ട്. ഇതിനു പുറമെ കരമന - കളിയിക്കാവിള നാലുവരിപ്പാത പദ്ധതിക്കുവേണ്ടി 2013-ൽ ആരംഭിച്ച പൊന്നുംവില നടപടിയിൽ ഉൾപ്പെടുന്ന വസ്തുക്കൾ 2014-ൽ ഏറ്റെടുത്തിട്ടുണ്ട്.

**കെ.എസ്.ടി.പി**

ചെങ്ങന്നൂർ മൂവാറ്റുപുഴ എം.സി റോഡ് വികസനത്തിനായി വിട്ട് പോയ ഇണ്ട് ഭൂമികൾ 2014-ൽ ലാന്റ് അക്വസിഷൻ നടപടികളിലൂടെ ഏറ്റെടുത്തിട്ടുണ്ട്.

**കേരള റോഡ് ഫണ്ട് ബോർഡ്**

കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുന്ന പന്നിയങ്കരത്താഴം -സി.ഡബ്ല്യു.ആർ.ഡി.പി. റോഡ്, പുഷ്പാ ജംഗ്ഷൻ - മാങ്കാവ് റോഡ് എന്നിവയുടെ

വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കലിന്റെ ഒരു ഭാഗം 2014-ലാണ് പൂർത്തിയാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെയെന്നും ആയത് അക്വയർ ചെയ്യുന്നതിന് എപ്പോഴാണ് റവന്യൂ വകുപ്പിൽ അപേക്ഷ സമർപ്പിച്ചതെന്നും വ്യക്തമാക്കുമോ ?

(ബി) **നിരത്തുകളും പാലങ്ങളും വിഭാഗം**

തൃശ്ശൂർ മോഡൽ റോഡിന്റെ മൂന്നാംഘട്ട പ്രവൃത്തിക്ക് 11.05.2012, മുളക്കടവാടി റോഡിന്റെ രണ്ടാംഘട്ട പ്രവൃത്തിക്ക് 28.10.2009, കാക്കനാട് മുതൽ തങ്കളം വരെ കി.മി. 26/057 മുതൽ 27/199 വരെയുള്ള പ്രവൃത്തിക്ക് 22.12.2009, തങ്കളം ജംഗ്ഷൻ മുതൽ കോഴിപ്പിള്ളി വരെ പുതിയ ബൈപ്പാസ് നിർമ്മാണം കി.മി. 0/000 മുതൽ 2/811 വരെയുള്ള പ്രവൃത്തിക്ക് 04.05.2005, മൂവാറ്റുപുഴ ടൗൺ ബൈപ്പാസ് നിർമ്മാണം - എം.സി. റോഡിലെ 130 ജംഗ്ഷൻ മുതൽ എൻ.എച്ച 49 -ലെ കടാതി ഭാഗം വരെയുള്ള പ്രവൃത്തിക്ക് 19.03.2010 തീയതികളിലാണ് അപേക്ഷ സമർപ്പിച്ചത്.

**ദേശീയപാതാ വിഭാഗം**

കേശവദാസപുരം മുസ്ലീം പള്ളി മുതൽ ചൈതന്യ കണ്ണാശുപത്രി വരെയുള്ള ഭാഗം നവീകരിക്കുന്നതിനും വീതി കൂട്ടുന്നതിനുമായുള്ള പദ്ധതിക്കുവേണ്ടി 06.12.2015-ലും കരമന – കളിയിക്കാവിള നാലുവരിപ്പാത പദ്ധതിക്കുവേണ്ടി 21.06.2012-ലും റവന്യൂ വകുപ്പിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

**കെ.എസ്.ടി.പി**

ചെങ്ങന്നൂർ മൂവാറ്റുപുഴ എം.സി റോഡ് വികസനത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾക്കായി കോട്ടയം ജില്ലയിൽ 30.11.2012, 17.05.2013, 02.08.2013 എന്നി തീയതികളിലും എറണാകുളം ജില്ലയിൽ 23.08.2012-ലുമാണ് റവന്യൂ വകുപ്പിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചത്.

**കേരള റോഡ് ഫണ്ട് ബോർഡ്**

01.12.2009, 16.07.2010, 24.09.2012 എന്നി തീയതികളിലാണ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചത്.

സെക്ഷൻ ഓഫീസർ